<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408**</u> <u>**14-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് എല്ലാ സ്കൂളുകളിലും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലു പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നില്ല 1988 മുതൽ സംസ്ഥാനത്ത് പ്രീ-പ്രൈമറ വിഭാഗം ആരംഭിച്ചെങ്കിലും ആയതിന വ്യാപകമായ പ്രചാരണം ലഭിച്ചിരുന്നില്ല എന്നാൽ പിൽക്കാലത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുവരവിനെ തുടർന്ന് സർക്കാർ സ്കൂളുകളിൽ കുട്ടികളെ ആകർഷിക്കുന്നതിന് പ്രീ-പ്രൈമറി ഒരു അവിഭാജ്യ ഘടകമായി മാറിയതിനാൽ സംസ്ഥാനത്തെ ഒട്ടുമിക്ക സർക്കാർ സ്കൂളുകളിലും സർക്കാരിന്റെ നേതൃത്വത്തിലു പി.റ്റി.എ-യുടെ നേതൃത്വത്തിലും പ്രീ-പ്രൈമറ വിഭാഗം പ്രവർത്തിച്ചുവരുന്നു.<br><br>2020 -ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രീ-പ്രൈമറി വിഭാഗം സ്കൂൾ ഘടനയുടെ ഒരു പ്രധാന ഭാഗമായി മാറുന്നു. ആയത് സംസ്ഥാനത്ത് ബാധകമാക്കുന്ന മുറയ്ക്ക് പ്രീ-പ്രൈമറി വിഭാഗം എല്ലാ സ്കൂളുകളിലും ആരംഭിക്കുന്ന വിഷയം പരിശോധിയ്ക്കുന്നതാണ് |
| (ബി) | കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചക്ക് സഹായകരമായ എന്തെല്ലാം ക്രമീകരണങ്ങളാണ് പ്രസ്തുത വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കായി സമഗ്രശിക്ഷാ കേരളം വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br><br>1. പ്രീ-പ്രൈമറി ക്ലാസുകളിൽ അദ്ധ്യാപകരെ സഹായിക്കുന്ന താലോലം പ്രവർത്തന മൂലകൾ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | | | 2. 168 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി.<br><br>3. 42 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെ പതിനഞ്ച് ലക്ഷം രൂപ വീതം ചെലവഴിച്ച് അന്താരാഷ്ട്ര നിലവാരം ഉള്ളതാക്കി മാറ്റി<br><br>4. 168 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ വീതം ചെലവഴിച്ച പ്രവർത്തനങ്ങളോടുകൂടിയ (Activity area) സ്കൂളുകളാക്കി മാറ്റി<br><br>5. സർക്കാർ നേരിട്ടു നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലേയും ഓണറേറിയം നൽകുന്ന സ്കൂളുകളിലേയും അദ്ധ്യാപകർക്ക് കളിപ്പാട്ടം എന്ന അദ്ധ്യാപക സഹായി ലഭ്യമാക്കി.<br><br>6. കുട്ടികൾക്ക് കളിത്തോണി എന്ന ആക്റ്റിവിറ്റി ബുക്ക് നൽകിവരുന്നു. |
| (സി) | പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 1. സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 328 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ ഈ വർഷം മെയ് മാസത്തോടെ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ എന്നിവ ലഭ്യമാക്കും.<br><br>2. 440 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെക്കൂടി 10 ലക്ഷം രൂപ വീതം ചെലവഴിച്ച് സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന മികവുള്ള സ്കൂളുകളാക്കി മാറ്റും.<br><br>3. കുട്ടികളിൽ ഭാഷാശേഷി ഉറപ്പാക്കുന്ന ഭാഷാവികാസ ഇടങ്ങൾ സജ്ജമാക്കും.<br><br>4. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും സർക്കാർ ഓണറേറിയം നൽകുന്ന സ്കൂളുകളിലും സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ